"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഡോ.രാജശ്രീ.കെ.എസ്. ഫയൽ ചെയ്ത OA (EKM) No.541/2024-ന്മേലുള്ള 20.01.2025 തീയതിയായ വിധിന്യായം അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1293/2025/H&FWD തീയതി,തിരുവനന്തപുരം, 09-05-2025

---

പരാമർശം:-

1. ഡോ.രാജശ്രീ.കെ.എസ്. സമർപ്പിച്ച 15.06.2024 തീയതിയായ അപ്പീൽ അപേക്ഷ (Annexure A6).
2. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) No.541/2024-ന്മേലുള്ള 20.01.2025 തീയതിയായ ഉത്തരവ്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 17.03.2025 തീയതിലെ DHS/11408/2024-EB3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഡോ.രാജശ്രീ.കെ.എസ് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) No.541/2024 ന്മേലുള്ള പരാമർശം (2) ഉത്തരവിൽ കേസിലെ നാലാം എതിർ കക്ഷിയെയും പരാതിക്കാരിയെയും കേസുമായി ബന്ധപ്പെട്ട മറ്റുള്ളവരെയും സർക്കാർ നേരിൽ കേട്ട് പരാമർശം (1) അപേക്ഷ പരിഗണിച്ച് തീർപ്പാക്കണമെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

2) ബഹു:ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ഡോക്ടർ രാജശ്രീയെയും നാലാം എതിർകക്ഷിയായ ഡോക്ടർ മോളി തെറ്റയിലിനെയും 21/03/2025 തീയതിയിൽ നേരിൽ കേട്ടിരുന്നു.

**<u>ഡോക്ടർ രാജശ്രീ യുടെ വാദം :</u>**

ഡോക്ടർ ഷീബ ടി ജോസഫ് സീനിയർ കൺസൾട്ടന്റായി കണ്ണൂർ ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയപ്പോൾ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലുണ്ടാകുന്ന കൺസൾട്ടന്റിന്റെ ഒഴിവിൽ നിയമിക്കണമെന്നാണ് അപേക്ഷിച്ചിട്ടുള്ളത്. ടിയാളാണ് സീനിയർ മോസ്റ്റായിട്ടുള്ള മെഡിക്കൽ കൺസൾട്ടന്റ്. വയനാട് ജില്ലയിൽ 3 വർഷം ജോലി നോക്കിയിട്ടുണ്ട്. മാതാവിന് 85 വയസിലധികം പ്രായമുണ്ട് . അമ്മയ്ക്ക് ആരോഗ്യപരമായ കാരണത്താൽതന്നെ ടിയാളുടെ സാമീപ്യവും പരിചരണവും ആവശ്യമാണ്. ആയതിനാൽ മേൽപ്പറയുന്ന ആശുപത്രിയിലെ കൺസൾട്ടന്റ് (ഒ ബി & ഗൈനക്) പോസ്റ്റ് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോക്ടർ മോളി തെറ്റയിലിന്റെ വാദം

2023 ലെ പൊതുസ്ഥലംമാറ്റത്തിനായുള്ള ഡോക്ടർ ശ്രീനയുടെ അപേക്ഷയും അപ്പീലും ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ എത്തിയിരുന്നില്ല. തുടർന്ന് ഡോക്ടർ ശ്രീന ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഒ.എ. ഫയൽ ചെയ്യുകയും ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയും ചെയ്തതിനെ തുടർന്ന് ഡോക്ടർ ശ്രീനയെ കോട്ടപ്പറമ്പ് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേക്കും ഡോക്ടർ മോളിയെ വടകര ജില്ലാ ആശുപത്രിയിലേക്കും മാറ്റുവാനും കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ സ്ഥാനക്കയറ്റത്താലുണ്ടാകുന്ന ഒഴിവിൽ ഡോക്ടർ മോളിയെ പരിഗണിക്കുന്നതിനും ഉത്തരവിടുകയുണ്ടായി. തുടർന്ന് അടുത്ത വേക്കൻസി ഉണ്ടാകുമ്പോൾ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് 19.8.2023 ന് അപേക്ഷ സമർപ്പിക്കുകയും സർക്കാർ ഉത്തരവിലെ നിർദ്ദേശം നടപ്പിലാക്കുന്നതിനുമായാണ് അവിടേക്ക് സ്ഥലംമാറ്റം നൽകിയിട്ടുള്ളത്. ഈ ട്രാൻസ്ഫർ ഒരു റിക്വസ്റ്റ് ട്രാൻസ്ഫർ അല്ല.

3) O.A.(EKM) No.541/2024 നമ്പർ കേസിലെ ഹർജിക്കാരിയും ആരോഗ്യവകുപ്പിൽ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റുമായ ഡോ.രാജശ്രീ.കെ.എസ്. കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലാണ് നിലവിൽ ജോലി ചെയ്യുന്നതെന്നും 12.03.2019 മുതൽ 11.06.2023 വരെ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ജോലി ചെയ്തിരുന്നതായും, കൂടാതെ 02.12.2008 മുതൽ 10.04.2016 വരെയുള്ള കാലയളവിലും ടിയാൾ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ജോലി ചെയ്തിരുന്നതായും, ഡോ.രാജശ്രീ 2023 ലെ പൊതുസ്ഥലംമാറ്റത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുക വഴിയാണ് ടിയാൾക്ക് രണ്ടാമത്തെ ഓപ്ഷനായ കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിയമനം നൽകിയതെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ, ഡോ. ശ്രീന ഫയൽ ചെയ്ത ഒ.എ 867/2023 നമ്പർ കേസിനാസ്പദമായ 07.8.2023 ലെ സർക്കാർ ഉത്തരവ്(ആർ. ടി) നമ്പർ 1998/2023/H&FWD പ്രകാരമുള്ള അനുപാലന ഉത്തരവിൽ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ സ്ഥാനക്കയറ്റത്തിലൂടെ ഒഴിവുണ്ടാകുമ്പോൾ പൊതുസ്ഥലംമാറ്റത്തിൽ വടകര ജില്ലാ ആശുപത്രിയിലേക്ക് സ്ഥലം മാറ്റിയ ഡോക്ടർ മോളി തെറ്റയിലിന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതായും, ആയതിൻ പ്രകാരം കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റായ ഡോ.ഷീബ ടി. ജോസഫിന് സീനിയർ കൺസൾട്ടന്റായി സ്ഥാനക്കയറ്റം നൽകിയതിന്റെ ഫലമായി ഉണ്ടായ ഒഴിവിലാണ് ഡോക്ടർ

മോളി തെറ്റയിലിനെ നിയമിച്ചതെന്നും, ഡോക്ടർ രാജശ്രീയുടെ സ്ഥാനംമാറ്റത്തിനുള്ള അപേക്ഷ ലഭിച്ചിരുന്നില്ല എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2023-ലെ ജനറൽ ട്രാൻസ്ഫറിൽ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി എന്നിങ്ങനെയാണ് ഡോ ശ്രീന ഓപ്ഷൻ നൽകിയിരുന്നത്. ഡോ.ബിന്ദുമോൾ കോഴിക്കോട് ജനറൽ ആശുപത്രി, മഞ്ചേരി ജനറൽ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, കൊയിലാണ്ടി താലൂക്ക് ആസ്ഥാന ആശുപത്രി, തലശ്ശേരി ജനറൽ ആശുപത്രി, വടകര ജില്ലാ ആശുപത്രി, തിരൂർ ജില്ലാ ആശുപത്രി എന്നിവ ഓപ്ഷനായി നൽകിയത്. ഡോ. മോളി തെറ്റയിൽ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി , കൊയിലാണ്ടി താലൂക്ക് ആസ്ഥാന ആശുപത്രി, വടകര ജില്ലാ ആശുപത്രി, താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രി, ഡോ.. രാജശ്രീ, കോഴിക്കോട് ജനറൽ ആശുപത്രി, കൊയിലാണ്ടി താലൂക്ക് ആസ്ഥാന ആശുപത്രി, താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രി, വടകര ജില്ലാ ആശുപത്രി എന്നിങ്ങനെ ഓപ്റ്റ് ചെയ്തിരുന്നു. സീനിയോരിറ്റി ലിസ്റ്റ് പ്രകാരം ഡോ.ബിന്ദുമോൾ എൻ.കെ ആണ് സീനിയർ. തുടർന്ന്, ഡോ.ശ്രീന .കെ, ഡോക്ടർ രാജശ്രീ.കെ.എസ്., ഡോ.മോളി തെറ്റയിൽ എന്ന ക്രമത്തിലാണ് സീനിയോരിറ്റി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഡോ.രാജശ്രീ 2019 മുതൽ 2023 വർഷം വരെ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലാണ് ജോലി ചെയ്തിരുന്നത്. ഡോക്ടർ മോളി തെറ്റയിൽ ഇക്കാലയളവിൽ കോഴിക്കോട് ജനറൽ ആശുപത്രിയിലുമാണ് കൺസൾട്ടന്റായി ജോലി ചെയ്തിരുന്നത്. ജനറൽ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട പൊതുമാനദണ്ഡത്തിൽ ഓരോ വർഷവും ഫെബ്രുവരി 28 ന് മൂന്നു വർഷം തികയുന്ന ജീവനക്കാരുടെ അപേക്ഷ മാത്രമേ പരിഗണിക്കാൻ പാടുള്ളൂ എന്ന് 25/02/2017 ലെ സ.ഉ.(പി) നം.3/2017/ഉ.ഭ.പ.വ. ന്റെ ഖണ്ഡിക 1 (ii) ൽ നിഷ്കർഷിച്ചിട്ടുണ്ട്. 2023 ലെ പൊതു സ്ഥലംമാറ്റത്തിൽ ഡോ.രാജശ്രീ, ഡോ.മോളി തെറ്റയിൽ എന്നിവർ അപേക്ഷ സമർപ്പിക്കുകയും അതിൻ പ്രകാരം ഡോ. രാജശ്രീക്ക് കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലും (രണ്ടാമത്തെ ഓപ്ഷൻ) ഡോ.മോളിക്ക് കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടെയും ആശുപത്രിയിലും നിയമനം അനുവദിക്കുകയുണ്ടായി. ഇവരോടൊപ്പം അപേക്ഷ സമർപ്പിച്ച ഡോ.ശ്രീനയുടെ അപേക്ഷ പരിഗണിക്കപ്പെടാതിരുന്ന സാഹചര്യത്തിൽ ഡോ.ശ്രീന ബഹു.ട്രിബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്യുകയും ബഹു. ട്രിബ്യൂണലിന്റെ ഉത്തരവ് പരിഗണിച്ച് ബന്ധപ്പെട്ടവരെ നേരിൽ കേട്ട ശേഷം ഡോ.ശ്രീനക്ക് ആദ്യത്തെ ഓപ്ഷനായ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിയമനം നൽകുകയും അവിടെ 2023 ലെ

പൊതുസ്ഥലംമാറ്റത്തിലൂടെ നിയമനം നേടിയ ഡോക്ടർ മോളിയെ മൂന്നാമത്തെ ഓപ്ഷനായ കോഴിക്കോട് വടകര ജില്ലാ ആശുപത്രിയിലേക്ക് സ്ഥലംമാറ്റി നിയമിക്കുകയുമുണ്ടായി. ഡോ. ശ്രീന നൽകിയ കോടതി കേസുമായി ബന്ധപ്പെട്ട് നേരിൽ കേഴ്വിയിൽ സീനിയർ കൺസട്ടന്റ് സ്ഥാനകയറ്റ പട്ടികയിൽ ഉൾപ്പെടുന്ന ഡോ.ഷീബ സ്റ്റീഫന്റെ ഒഴിവിലേക്ക് കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ പരിഗണിക്കുന്നതിന് ഡോ.മോളി തെറ്റയിൽ അപേക്ഷിച്ചിരുന്നു. അതിൻപ്രകാരം സ്ഥാനകയറ്റത്തിലൂടെ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഒഴിവുണ്ടാകുമ്പോൾ ഡോ.മോളി തെറ്റയിലിന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണെന്നും ഉത്തരവായിരുന്നു. ഡോ. ഷീബ സ്റ്റീഫന്റെ സ്ഥാനകയറ്റത്തെ (11.3.2024 ലെ സ.ഉ(സാധാ)724/2024/ ആകുവ ഉത്തരവ്) തുടർന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 16.3.2024ലെ സ.ഉ(സാധാ)814/2024/ആകുവ ഉത്തരവ് പ്രകാരം ഡോ.മോളി തെറ്റയിലിനെ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിയമിക്കുകയാണുണ്ടായത്. 25/02/2017 ലെ സ.ഉ.(പി) നം.3/2017/ഉ.ഭ.പ.വ. ഖണ്ഡിക 1 (i) - സ്ഥലംമാറ്റം ഒന്നാമതായി നടപ്പാക്കുന്നത് ഓപ്ഷന്റെ അടിസ്ഥാനത്തിലാണ്. ഖണ്ഡിക 1 (iii) പ്രകാരം ഓപ്ഷനുകളെ അടിസ്ഥാനമാക്കിയുള്ള സ്ഥലംമാറ്റങ്ങൾ സ്റ്റേഷൻ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഡോ. ശ്രീന, ഡോ. മോളി എന്നിവർ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി ആണ് ഒന്നാമത്തെ ഓപ്ഷനായി പരിഗണിച്ചിരുന്നത്. സ്റ്റേഷൻ സീനിയോരിറ്റി പരിഗണിച്ചാണ് 07.8.2023 ലെ സർക്കാർ ഉത്തരവ്(ആർ. ടി) നമ്പർ 1998/2023/H&FWD ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഖണ്ഡിക 5(iv) പ്രകാരം ഒരു പ്രത്യേക സ്റ്റേഷനിലേയ്ക്ക് ഒന്നിൽ കൂടുതൽ വ്യക്തികൾ ഓപ്റ്റ് ചെയ്യുമ്പോൾ ഏറ്റവും സീനിയറായ വ്യക്തിയെ ഒന്നാമതായി പരിഗണിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. അപ്രകാരം സീനിയറായ ഡോക്ടർ ശ്രീനക്കാണ് കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിയമനത്തിന് അർഹത. ഒരാൾക്ക് അയാളുടെ രണ്ടാമത്തെയോ മൂന്നാമത്തെയോ ഓപ്ഷന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം കിട്ടുമ്പോൾ അയാളുടെ ഒന്നാമത്തെയും രണ്ടാമത്തെയും ഓപ്ഷൻ റദ്ദാകാതെ തന്നെ അടുത്ത പൊതു സ്ഥലംമാറ്റ ഉത്തരവിനിടയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ നിലവിലുള്ള ഓപ്ഷൻ പരിഗണിച്ച് സ്ഥലംമാറ്റം നൽകേണ്ടതാണെന്ന് ഖണ്ഡിക 1 (i) ൽ വ്യവസ്ഥ ചെയ്യുന്നു. ഖണ്ഡിക 5(v) പ്രകാരം ഓപ്ഷന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം ചെയ്യപ്പെട്ടവർക്കും ഒരുവർഷം പൂർത്തിയാകുമ്പോൾ സ്ഥലംമാറ്റത്തിന് വേണ്ടി ഓപ്ഷൻ നൽകാവുന്നതാണ്. എന്നാൽ അവരുടെ ഓപ്ഷൻ യാതൊരു അവകാശവാദങ്ങളില്ലാത്തതും ഓപ്ഷൻ വേക്കൻസികൾക്കെതിരെ മാത്രവും അത്തരം സ്ഥലംമാറ്റം

ഏതെങ്കിലും നിർബന്ധിത സ്ഥലംമാറ്റം അനിവാര്യമാക്കപ്പെടുന്നതല്ലാത്തതിനാൽ ആണ് പരിഗണിക്കേണ്ടത് എന്ന് വ്യവസ്ഥ ചെയ്യുന്നു. അപ്രകാരം 2023 ലെ പൊതുസ്ഥലംമാറ്റത്തിൽ മൂന്നാമത്തെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ വടകര ജില്ലാ ആശുപത്രിയിലേക്ക് സ്ഥലംമാറ്റപ്പെട്ട ഡോക്ടർ മോളിക്ക് മേൽ പറയുന്ന പ്രകാരം കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ഒഴിവ് വന്നപ്പോൾ സ്ഥലംമാറ്റം ലഭിക്കുന്നതിന് അർഹതയുണ്ട് ഡോക്ടർ ബിന്ദുമോൾ.എൻ.കെ.-യും ഡോക്ടർ രാജശ്രീയും കോഴിക്കോട് ജനറൽ ആശുപത്രിയാണ് ഒന്നാമത്തെ ഓപ്ഷനായി ചോദിച്ചിരുന്നത്. ഖണ്ഡിക 5(iv) പ്രകാരം ഡോക്ടർ ബിന്ദുമോൾ.എൻ.കെ.-യാണ് ഡോക്ടർ രാജശ്രീയെക്കാളും സീനിയർ എന്നതിനാൽ ഡോക്ടർ ബിന്ദുമോൾ.എൻ.കെ.-യ്ക്ക് കോഴിക്കോട് ജനറൽ ആശുപത്രിയിലാണ് നിയമനം നൽകിയതെന്ന് കാണുന്നു. അതിനാൽ ഡോക്ടർ രാജശ്രീയുടെ രണ്ടാമത്തെ ഓപ്ഷനായ കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ നിയമിക്കപ്പെട്ടു. ഡോ.ഷീബ സ്റ്റീഫൻ സീനിയർ കൺസൾട്ടന്റ് ആയതിനെ തുടർന്ന് ഉണ്ടായ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ കൺസൾട്ടന്റ് ഒഴിവ് നൽ കണമെന്നതാണ് ഡോ.രാജശ്രീയുടെ ആവശ്യം. ഡോക്ടർ മോളി നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാൾക്ക് കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ കൺസൾട്ടന്റ് ഒഴിവിൽ നിയമനം നൽകുകയാണുണ്ടായത്. എന്നാൽ ഡോക്ടർ രാജശ്രീ സമയബന്ധിതമായി അപേക്ഷ സമർപ്പിച്ചിരുന്നില്ല എന്ന കാരണത്താലും ഓപ്പൺ വേക്കൻസി നികത്തികൊണ്ട് 16.3.2024-ന് ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിലും, ഡോ.ഷീബ സ്റ്റീഫന്റെ സ്ഥാനകയറ്റത്തെ തുടർന്ന് വന്ന കൺസൾട്ടന്റിന്റെ ഒഴിവിൽ നിയമനം നൽകണമെന്ന Annexure A6 അപേക്ഷ പരിഗണിക്കാവുന്നതല്ലാത്തതിനാൽ ടി അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

6) ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A.(EKM) No.541/2024 മേലുള്ള 20.01.2025-ലെ ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്തുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട്.
ഡോ.രാജശ്രീ.കെ.എസ്., കൺസൾട്ടന്റ് (ഗൈനക്കോളജി), താലൂക്ക് ആസ്ഥാന ആശുപത്രി, കൊയ്ലാണ്ടി, കോഴിക്കോട്.
ഡോ.മോളി തെറ്റയിൽ, കൺസൾട്ടന്റ് (ഗൈനക്കോളജി), സ്ത്രീകളുടേയു കുട്ടികളുടേയും ആശുപത്രി,

കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ (എ2/280/2024/ആകുവ)

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
Date: 12-05-2025 10:48:37
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം: 11408/2024/EB3 തീയതി. 16/5/2024

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും അനന്തര നടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആരോഗ്യ വകുപ്പ് ഡയറക്ടർക്കുവേണ്ടി.